പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 1234

20.01.2014 -ൽ മറുപടി നൽകേണ്ടിയിരുന്നത്

പാലക്കാട് ജില്ലയിലെ ഭൂരഹിത കുടുംബങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പു മന്ത്രി) |
| (എ) പാലക്കാട് ജില്ലയിൽ എത്ര ഭൂരഹിത കുടുംബങ്ങളാണ് ഉള്ളതെന്ന് വിശദമാക്കുമോ ; | (എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം പാലക്കാട് ജില്ലയിൽ 23874 ഭൂരഹിത കുടുംബങ്ങളെ കണ്ടെത്തിയിട്ടുണ്ട്. |
| (ബി) ഭൂരഹിത കുടുംബങ്ങളെ കണ്ടെത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | (ബി) ഭൂരഹിതരെ കണ്ടെത്തുന്നതിനായി നിശ്ചിത മാതൃകയിലുള്ള അപേക്ഷാ ഫോറങ്ങൾ വില്ലേജ് ഓഫീസുകൾ വഴി വിതരണം ചെയ്തു. ഇങ്ങനെ ലഭിച്ച അപേക്ഷകളിന്മേൽ വില്ലേജ് ഓഫീസർ, തഹസീൽദാർ എന്നിവർ താലൂക്ക് തലത്തിൽ അന്വേഷണം നടത്തി അർഹതയുള്ളവരെ കണ്ടെത്തി. പട്ടയവിതരണത്തിന് പരിഗണിക്കേണ്ട ഗുണഭോക്താക്കളേയും, അവർക്ക് നല്കുന്ന പ്ലോട്ടുകളും സോഫ്റ്റ്‌വെയർ മുഖാന്തിരം ഇതിനകം തെരഞ്ഞെടുത്തിട്ടുണ്ട്. ചട്ടപ്രകാരമുള്ള പതിവ് ഉത്തരവും പട്ടയവും സിഡിറ്റ് തയ്യാറാക്കിയിട്ടുള്ള പ്രത്യേക സോഫ്റ്റ്‌വെയർ മുഖാന്തിരമാണ് തയ്യാറാക്കിയിരിക്കുന്നത്. |
| (സി) പ്രസ്തുത കുടുംബങ്ങൾക്ക് ഭൂമി പതിച്ച നൽകുന്നതിനുള്ള നടപടി ഏത് ഘട്ടം വരെയായി എന്ന് വിശദമാക്കുമോ ; | (സി) പാലക്കാട് ജില്ലയിൽ ആകെ 119.00 ഏക്കർ ഭൂമി ഭൂരഹിതരില്ലാത്ത കേരളം പദ്ധതി 2015 പ്രകാരം വിതരണത്തിനായി കണ്ടെത്തിയിട്ടുണ്ട്. ഇതിൽ നിന്നും 2290 പ്ലോട്ടുകൾ വിതരണ യോഗ്യമാണെങ്കിലും ഇതിൽ കോടതി കേസുകളിലും മറ്റും ഉൾപ്പെട്ട 175 പ്ലോട്ടുകൾ ഒഴിവാക്കി ബാക്കി 2115 |

പ്ലോട്ടുകൾ വിതരണത്തിനുള്ള നടപടികൾ നടന്നു വരുന്നു.

(ഡി) എത്ര കുടുംബങ്ങൾക്ക് ഭൂമി പതിച്ചു നൽകിയിട്ടുണ്ട്; ഇനി എത്ര കുടുംബങ്ങൾക്ക് ഭൂമി നൽകാൻ കഴിയും; വിശദാംശം നൽകുമോ ;

(ഡി) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി 2015 പ്രകാരം പാലക്കാട് ജില്ലയിൽ തെരഞ്ഞെടുക്കപ്പെട്ട 2115 ഗുണഭോക്താക്കൾക്കുള്ള പട്ടയങ്ങൾ വിതരണത്തിനുള്ള നടപടികൾ നടന്നു വരികയാണ്.

(ഇ) പതിച്ചു നൽകുന്ന ഭൂമി പാലക്കാട് ജില്ലയിൽ തന്നെയാണോ; അതോ മറ്റേതെങ്കിലും ജില്ലകളിലാണോ ; എങ്കിൽ ജില്ലയുടെ പേരും വിശദാംശവും നൽകുമോ ?

(ഇ) പാലക്കാട് ജില്ലയിലെ എല്ലാ ഗുണഭോക്താക്കൾക്കും പതിച്ചു നൽകാൻ പ്ലോട്ടുകൾ ഇതുവരെ ലഭിച്ചിട്ടില്ലാത്തതിനാൽ, കാസർഗോഡ് ജില്ലയിൽ അധികമായി കണ്ടെത്തിയിട്ടുള്ള ഭൂമി സ്വായത്തമാക്കാൻ സമ്മതപത്രം നൽകിയിട്ടുള്ള 1006 ഗുണഭോക്താക്കൾക്ക് കാസർഗോഡ് ജില്ലയിൽ ഭൂമി നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. 2015 ഓടുകൂടി അർഹരായി കണ്ടെത്തിയ മുഴുവൻ ഭൂരഹിത കുടുംബങ്ങൾക്കും വാസയോഗ്യമായ 3 സെന്റ് ഭൂമി വിതരണം ചെയ്യുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

സെക്ഷൻ ഓഫീസർ